24
നവംബർ 2021
ബുധൻ
1197 വൃശ്ചികം 9 1443 റബീ ഉൽ ആഖിർ 19

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 28 •ലക്കം 244 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

നയാബസാറിൽ തങ്ങളെ കാറിൽ തട്ടിക്കൊണ്ടുപോയി

■അക്രമി സംഘം ആവശ്യപ്പെട്ടത് 10 ലക്ഷം രൂപ; ഇല്ലെങ്കിൽ വീഡിയോ പുറത്തുവിടുമെന്ന് ഭീഷണി ■അഞ്ചുപേർക്കെതിരെ കേസ്

പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന അബ്ദുള്ള തങ്ങൾ. അക്രമത്തിൽ പരിക്കേറ്റ പാട്

കുമ്പള: പട്ടാപ്പകൽ ക്വാർട്ടേഴ്സിൽ അതിക്രമിച്ചു കയറി തങ്ങളെ തട്ടിക്കൊണ്ടുപോയി 10 ലക്ഷം രൂപ ആവശ്യപ്പെട്ട് ക്രൂരമായി മർദ്ദിച്ചതായി പരാതി. സംഭവത്തിൽ അഞ്ചുപേർക്കെതിരെ കുമ്പള പൊലീസ് കേസെടുത്തു. മിയാപദവ് സ്വദേശിയും നയാബസാർ, അമ്പാർ റോഡ് ഹനഫി പള്ളിക്കു സമീപത്തെ ക്വാർട്ടേഴ്സിൽ താമസക്കാരനുമായ യു അബ്ദുള്ള തങ്ങ(32)ളെയാണ് തട്ടിക്കൊണ്ടുപോയത്. ഇയാളുടെ പരാതി പ്രകാരം ഉപ്പളയിലെ അയാസ്, സുഹൈൽ തുടങ്ങി കണ്ടാൽ അറിയാവുന്ന അഞ്ചുപേർക്കെതിരെ കുമ്പള പൊലീസ് കേസെടുത്തു.

ഇന്നലെ രാവിലെ ഉണ്ടായ സംഭവത്തിൽ അബ്ദുള്ള തങ്ങളും പൊലീസും പറയുന്നത് ഇങ്ങിനെ-“ഇന്നലെ രാവിലെ പത്തു മണിയോടെ കാറിലെത്തിയ അഞ്ചംഗ സംഘം ക്വാർട്ടേഴ്സിൽ അതിക്രമിച്ചു കയറി വായപൊത്തികാറിലേയ്ക്ക് പിടിച്ചു കയറ്റി. വായ് മൂടിക്കെട്ടി ഡിക്കിക്കുള്ളിലാക്കിയാണ് കൊണ്ടുപോയത്. പിന്നീട് ഉപ്പള കുന്നിലെ വിജനമായ കുന്നിൻ പ്രദേശത്ത് എത്തിച്ച് 10 ലക്ഷം രൂപ ആവശ്യപ്പെട്ടു. ഫോട്ടോകളും വീഡിയോകളും ഉണ്ടെന്നും പണം തന്നില്ലെങ്കിൽ ഇവ പരസ്യമാക്കുമെന്നും ഭീഷണിപ്പെടുത്തി. പണം ഇല്ലെന്നു പറഞ്ഞപ്പോൾ ഇരുമ്പുവടി കൊണ്ട് അക്രമിച്ചു. ഇതിനിടയിൽ ഭർത്താവിനെ കാറിലെത്തിയ സംഘം തട്ടിക്കൊണ്ടുപോയെന്നു കാണിച്ച് ഭാര്യ കുമ്പള പൊലീസിൽ പരാതി നൽകി. തുടർന്ന് കുമ്പള, മഞ്ചേശ്വരം പൊലീസ് വ്യാപകമായി കാർ കണ്ടെത്താൻ അന്വേഷണം തുടങ്ങി. അബ്ദുള്ളയെ അക്രമി സംഘം ബന്തിയോട്ടെ ഒരു സ്വകാര്യ ആശുപത്രിയുടെ പിൻഭാഗത്തുള്ള കുറ്റിക്കാട്ടിൽ എത്തിച്ച് ഇരുമ്പുവടികൊണ്ട് അടിച്ചു പരിക്കേൽപ്പിക്കുകയും വീണ്ടും കാറിൽ കയറ്റി പൈവളികെ ഭാഗത്തേയ്ക്ക് പോവുകയും ചെയ്തു. പൊലീസ് വ്യാപകമായി തെരച്ചിൽ ആരംഭിച്ചതായുള്ള വിവരം ലഭിച്ച സംഘം അബ്ദുള്ളയെ പൈവളിഗെയിൽ വച്ച് ഒരു ഓട്ടോയിൽ കയറ്റി വിട്ടു. വൈകുന്നേരത്തോടെ രണ്ടു ലക്ഷം രൂപ ഉപ്പളയിലെ ഒരു ബേക്കറിയിൽ എത്തിക്കണമെന്നും ഇല്ലാത്ത പക്ഷം വീഡിയോകൾ പുറത്തു വിടുമെന്നും ഭീഷണിപ്പെടുത്തി. പിന്നീട് അബ്ദുള്ള തങ്ങൾ കുമ്പള സ്റ്റേഷനിൽ എത്തി വിവരങ്ങൾ പറയുകയുമായിരുന്നു. തുടർന്നാണ് കേസെടുത്തത്”.

അക്രമികളെ കണ്ടെത്താൻ പൊലീസ് വ്യാപകമായി തെരച്ചിൽ ആരംഭിച്ചു. അക്രമി സംഘത്തിലെ ചിലർക്ക് നേരത്തെയും കേസുള്ളതായി പൊലീസ് പറഞ്ഞു. അക്രമത്തിനു ഉപയോഗിച്ച കാറും പൊലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്.

അതേസമയം ഇന്നലെ ഉണ്ടായ തട്ടിക്കൊണ്ടുപോകൽ സംഭവം ജനങ്ങളെ ഭീതിയിലാഴ്ത്തി. സമീപകാലത്തായി ഇത്തരത്തിലുള്ള ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു. അക്രമി സംഘങ്ങൾക്കെതിരെ കർശന നടപടിയെടുക്കണമെന്ന് അവർ ആവശ്യപ്പെടുന്നു.

രാഷ്ട്രീയ വയോശ്രീ യോജന പദ്ധതിയുടെ ഭാഗമായി മുതിർന്ന പൗരന്മാർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണം ചെമ്മനാട്ട് കേന്ദ്രമന്ത്രി എ നാരായണ സ്വാമി ഉദ്ഘാടനം ചെയ്യുന്നു

പട്ടാപ്പകൽ ക്വട്ടേഷൻ ആക്രമണം

തട്ടിക്കൊണ്ടുപോയ കാർ ചെങ്കൽ ക്വാറിയിൽ ഉപേക്ഷിച്ച നിലയിൽ

ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ കാർ

കാഞ്ഞങ്ങാട്: ദമ്പതികളെ പട്ടാപ്പകൽ വീടു കയറി ആക്രമിച്ച് തട്ടികൊണ്ടുപോയ കാർ ഉപയോഗ ശൂന്യമായ ചെങ്കൽ ക്വാറിയിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. കാഞ്ഞങ്ങാട്, ദുർഗ്ഗാ റോഡിലെ ഗണേഷ് മന്ദിരത്തിനു സമീപത്തെ ദേവദാസിന്റെ കാറാണ് നീലേശ്വരം പൊലീസ് സ്റ്റേഷൻ പരിധിയിലെ കരിന്തളം, കൊല്ലംപാറ ഇമിച്ചിപ്പൊയിലിലെ ചെങ്കൽ ക്വാറിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയത്. ഇതുവഴി നടന്നു പോയവരാണ് കാർ നിർത്തിയിട്ട നിലയിൽ ആദ്യം കണ്ടത്.

ഉടൻ വിവരം നീലേശ്വരം പൊലീസിനെ അറിയിക്കുകയായിരുന്നു. അന്വേഷണത്തിലാണ് ഏതാനും ദിവസങ്ങൾക്കു മുമ്പ് കാഞ്ഞങ്ങാട്ടു നിന്നു തട്ടിക്കൊണ്ടുപോയ കാറാണെന്നു തിരിച്ചറിഞ്ഞത്. വിവരമറിഞ്ഞ് ഹൊസ്ദുർഗ്ഗ് പൊലീസ് ഇൻസ്പെക്ടർ കെ പി ഷൈനിന്റെ നേതൃത്വത്തിലുള്ള പൊലീസ് സ്ഥലത്തെത്തി കാറിനു കാവൽ ഏർപ്പെടുത്തി. കാറിന്റെ ഡോർ തുറന്നുവച്ച നിലയിലായിരുന്നു. പഞ്ചറായ ടയർ മാറ്റി സ്റ്റെപ്പിനി ടയർ ഘടിപ്പിച്ച നിലയിലും ബാറ്ററി ഊരി വച്ച നിലയിലുമായിരുന്നു കാർ. ഫോറൻസിക് വിദഗ്ദ്ധർ പരിശോധന നടത്തിയ ശേഷം കാർ കസ്റ്റഡിയിലെടുക്കുമെന്നു പൊലീസ് പറഞ്ഞു.

സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട തർക്കത്തിന്റെ പേരിൽ വീടുകയറി ദേവദാസിനെയും ഭാര്യയെയും ആക്രമിച്ചു കാറും മറ്റും കൊള്ളയടിച്ചുവെന്നാണ് കേസ്. കേസിൽ രാജേന്ദ്രപ്രസാദ്, സുരേശൻ എന്നിവരെ അറസ്റ്റു ചെയ്തിരുന്നു. മറ്റു പ്രതികൾക്കായുള്ള തെരച്ചിൽ തുടരുന്നതിനിടയിലാണ് കാർ കണ്ടെത്തിയത്.

തെയ്യംകലാകാരൻ തൂങ്ങി മരിച്ച നിലയിൽ

പെർളടുക്കം: പ്രശസ്ത തെയ്യം കലാകാരനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കൊളത്തൂർ പോസ്റ്റുമാൻ കൂടിയായ പ്രവീൺ കുമാർ (40) ആണ് മരിച്ചത്. ഇരിയണ്ണി ബേപ്പിലെ പ്രമുഖ തെയ്യക്കാരനായ കൃഷ്ണൻ കരോർത്തി- ശാരദ ദമ്പതികളുടെ മകനാണ്. കുണ്ടംകുഴിയിലെ വാടക ക്വാട്ടേഴ്സിൽ ആയിരുന്നു താമസം. ഇന്നു രാവിലെയാണ് മൃതദേഹം കാണപ്പെട്ടത്. ബേഡകം പൊലീസ് കേസെടുത്തു.

സഞ്ജിത്ത് കൊലക്കേസ്; കാർ പൊളിച്ചു വിറ്റു

പാലക്കാട്: ആർ എസ് എസ് നേതാവ് പാലക്കാട്, എലപ്പുള്ളിയിലെ സഞ്ജിത്തി(27)നെ ബൈക്ക് തടഞ്ഞു നിർത്തി കൊലപ്പെടുത്തിയ കേസിലെ പ്രതികൾ സഞ്ചരിച്ചിരുന്ന കാർ പൊളിച്ചു വിറ്റതായി അന്വേഷണ സംഘം. കഴിഞ്ഞ ദിവസം അറസ്റ്റിലായ പോപ്പുലർ ഫ്രണ്ട് പ്രവർത്തകരെ ചോദ്യം ചെയ്തപ്പോഴാണ് ഇക്കാര്യം വ്യക്തമായത്.

എൻ അൻസാർ മഞ്ചേശ്വരം എസ് ഐ

മഞ്ചേശ്വരം: എൻ അൻസാറിനെ മഞ്ചേശ്വരം എസ് ഐ ആയി നിയമിച്ചു. കൊല്ലം സ്വദേശിയാണ്. മഞ്ചേശ്വരത്തു നിന്നു എൻ പി രാഘവനെ കണ്ണൂരിലേക്ക് മാറ്റി.

അന്തുക്ക



ഇത് ഗ്ലാസ്
പോലാണോ..
മൂന്ന് നേരത്തേക്കുള്ള
ഭക്ഷണം ഒന്നിച്ച്
ഉണ്ടാക്കാം..
ഇതോ ..

ദത്ത് നൽകൽ

ഗുരുതര പിഴവെന്ന് അന്വേഷണ റിപ്പോർട്ട്

മുഖ്യമന്ത്രി മൗനം ആയുധമാക്കുന്നു: വി ഡി സതീശൻ

തിരു: അമ്മ അറിയാതെ ദത്തു നൽകിയെന്ന കേസിൽ ഗുരുതര പിഴവു സംഭവിച്ചതായി വകുപ്പുതല അന്വേഷണ റിപ്പോർട്ട്. ഇതോടെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സി പി എമ്മിനും എതിരെ ഗുരുതര ആരോപണങ്ങളുമായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ രംഗത്ത്.കുഞ്ഞിനെ ദത്തു നൽകിയ സംഭവത്തിൽ ശിശുക്ഷേമ സമിതിക്കും ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും ഗുരുതരമായ വീഴ്ച ഉണ്ടായെന്നാണ് വനിതാ ശിശു വികസന ഡയറക്ടർ ടി വി അനുപമയുടെ റിപ്പോർട്ട്. ഇത് ഇന്നു മന്ത്രി വീണാ ജോർജ്ജിനു കൈമാറും.ശിശുക്ഷേമ സമിതി റിപ്പോർട്ടിലെ ഒരു ഭാഗം മായ്ച്ചു കളഞ്ഞുവെന്നും ദത്ത് തടയാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇടപെട്ടില്ലെന്നും വിവരം പൊലീസിനെ അറിയിച്ചില്ലെന്നും അനുപമ എസ് ചന്ദ്രന്റെ പരാതി ലഭിച്ചിട്ടും ദത്ത് നടപടികളുമായി മുന്നോട്ടു പോയെന്നും റിപ്പോർട്ടിലുണ്ട്.

അന്വേഷണ റിപ്പോർട്ടിലെ വിവരങ്ങൾ പുറത്തു വന്നതിനെ തുടർന്നാണ് പ്രതിപക്ഷ നേതാവ് ഗുരുതര ആരോപണങ്ങളുമായി രംഗത്ത് വന്നത്.

കുഞ്ഞിനെ കടത്തിയതിൽ ഗുരുതര സ്വഭാവമുള്ള ഗൂഢാലോചന നടന്നു. വിഷയത്തിൽ മുഖ്യമന്ത്രി മൗനം ആയുധമാക്കുന്നു. പെറ്റമ്മയെ ക്രൂരമായി കബളിപ്പിച്ചതായും അദ്ദേഹം ആരോപിച്ചു. പാർട്ടി കോടതി, പാർട്ടി പൊലീസ് സ്റ്റേഷൻ എന്ന നിലയിലാണ് ഇപ്പോഴത്തെ പോക്ക്- അദ്ദേഹം ആരോപിച്ചു.

കണ്ടെയ്നർ ലോറി കുടുങ്ങിയതിനെ തുടർന്ന് ചെമ്മട്ടംവയൽ ദേശീയ പാതയിൽ ഉണ്ടായ ഗതാഗത തടസ്സം

കണ്ടെയ്നർ ലോറി റോഡിനു കുറുകെ കുടുങ്ങി; ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെട്ടു

കാഞ്ഞങ്ങാട്: പുത്തൻ കാറുകൾ കയറ്റി വന്ന കണ്ടെയ്നർ ലോറി റോഡിനു കുറുകെ കുടുങ്ങി. ഇതേ തുടർന്ന് ചെമ്മട്ടംവയൽ ദേശീയ പാതവഴിയുള്ള ഗതാഗതം അൽപനേരം തടസ്സപ്പെട്ടു. ഇന്നു രാവിലെ ഏഴരമണിയോടെ ചെമ്മട്ടംവയലിലാണ് അപകടം. കല്യാൺറോഡിലെ സ്റ്റോക്ക് പോയന്റിലേയ്ക്ക് മുംബൈയിൽ നിന്നും കാറുകളുമായി വരികയായിരുന്നു ലോറി. കാറുകൾ ഇറക്കേണ്ട സ്ഥലം കടന്നു മുന്നോട്ടു പോയ ലോറി തിരിക്കുന്നതിനിടയിൽ അടിഭാഗം റോഡിൽ തട്ടിയാണ് കുടുങ്ങിയത്.ജെ സി ബി തൊഴിലാളികളും നാട്ടുകാരും ഏറെ ശ്രമം നടത്തിയതാണ് ലോറി മാറ്റിയത്. വിവരമറിഞ്ഞ് ഹൈവേ പൊലീസും സ്ഥലത്തെത്തിയിരുന്നു.

ഭർതൃമതിയെയും കുഞ്ഞിനെയും കാണാതായി

ചെറുവത്തൂർ: ഭർതൃമതിയെയും കുഞ്ഞിനെയും കാണാതായതായി പരാതി. വെങ്ങാട്ട് താമസക്കാരനായ റെയിൽവെ ജീവനക്കാരൻ റിതീഷ് രാജിന്റെ ഭാര്യ നീതു (32) അഞ്ചു വയസ്സുള്ള മകൻ എന്നിവരെയാണ് കാണാതായത്. ഇന്നലെ രാവിലെ സ്വന്തം വീടായ കാഞ്ഞങ്ങാട്ടേക്ക് പോകുന്നുവെന്നു പറഞ്ഞാണ് വീട്ടിൽ നിന്നു ഇറങ്ങിയത്. പിന്നീട് തിരിച്ചു വന്നില്ല. ബിജു എന്നയാളുടെ കൂടെ പോയതായി സംശയിക്കുന്നു. ചന്തേര പൊലീസ് കേസെടുത്തു.

സി പി എം ബ്രാഞ്ച് സെക്രട്ടറിയുടെ വീടിനു നേരെ ബോംബേറ്

കണ്ണൂർ: ചെറുവാഞ്ചേരിയിൽ സി പി എം ബ്രാഞ്ച് സെക്രട്ടറിയുടെ വീടിനു നേരെ ബോംബേറ്. അമലിന്റെ വീടിനു നേരെ ഇന്നു പുലർച്ചെയാണ് ബോംബേറുണ്ടായത്. ചുമരും ജനൽ ചില്ലുകളും തകർന്നു. സ്ഥലത്ത് ഏതാനും ദിവസങ്ങളായി കോൺഗ്രസ്- സി പിഎം സംഘർഷം നിലനിന്നിരുന്നതായി പറയുന്നു.

15 കിലോ വെള്ളി ആഭരണങ്ങൾ പിടികൂടി

പയ്യന്നൂർ: ട്രയിനിൽ കടത്തുകയായിരുന്ന 15 കിലോ വെള്ളി ആഭരണങ്ങളുമായി തമിഴ്നാട് സ്വദേശി അറസ്റ്റിൽ. പ്രതിയെ പയ്യന്നൂരിലെ ജി എസ് ടി ഓഫീസിനു കൈമാറിയതായി റെയിൽവെ പൊലീസ് പറഞ്ഞു.

കോഴിയങ്കം; അഞ്ചു പേർ അറസ്റ്റിൽ

കയ്യാറിൽ 12 കോഴികളും 30,960 രൂപയും പിടികൂടി

പൊലീസ് കസ്റ്റഡിയിലെടുത്ത അംഗക്കോഴികൾ

കുമ്പള: വേഷം മാറിയെത്തിയ പൊലീസ് സംഘം നടത്തിയ റെയ്ഡിൽ കോഴി അങ്കം നടത്തുകയായിരുന്ന അഞ്ചുപേരെ അറസ്റ്റ് ചെയ്തു. 12 അങ്കക്കോഴികളെയും 30,960 രൂപയും പിടികൂടി.ഇന്നലെ വൈകുന്നേരം കയ്യാർ, കൊക്കച്ചാലിലെ ഒഴിഞ്ഞ പറമ്പിലാണ് സംഭവം. ഇവിടെ കോഴി അങ്കം നടക്കുകയാണെന്ന രഹസ്യ വിവരത്തെ തുടർന്നാണ് കുമ്പള എസ് ഐ വി കെ അനീഷും സംഘവും ലുങ്കിയും മറ്റും ധരിച്ച് സ്ഥലത്തെത്തി കോഴി അങ്കക്കാരെ അറസ്റ്റ് ചെയ്തത്. ബാഡൂരിലെ രഘുനാഥ് (55), മാന്യയിലെ ചന്ദ്രൻ (45), ബീരന്ത് വയലിലെ സതീഷ് നായക് (41), ബേളൂരിലെ രതീഷ് (32), ചേരാലിലെ മഞ്ചുനാഥ് (25) എന്നിവരാണ് അറസ്റ്റിലായത്.

കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ സമ്മേളനം സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ജി കെ ഹിരീഷ് ഉദ്ഘാടനം ചെയ്യുന്നു

സി ഐക്കെതിരെ നടപടിക്ക് സാധ്യത

നവവധുവിന്റെ ആത്മഹത്യ; ഭർത്താവും കുടുംബവും പിടിയിൽ

മോഫിയ

മുഹമ്മദ് സുഹൈൽ

കൊച്ചി: നിയമ വിദ്യാർത്ഥിനിയായിരുന്ന നവവധുവിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഒളിവിൽ പോയ ഭർത്താവും കുടുംബവും പിടിയിലായി. എടയാപ്പുറത്ത് സ്വദേശിനി മോഫിയ പർവീണാണ് (21) ഇന്നലെ പൊലീസിനും ഭർതൃവീട്ടുകാർക്കുമെതിരെ കുറിപ്പെഴുതി വെച്ച് ആത്മഹത്യ ചെയ്തത്.

ഭർത്താവ് മുഹമ്മദ് സുഹൈലും കുടുംബവും വീടുപൂട്ടി ഒളിവിൽ പോകുകയായിരുന്നു. കോതമംഗലത്തെ ബന്ധുവീട്ടിൽ നിന്ന് ഇന്ന് പുലർച്ചെയാണ് പൊലീസ് ഇവരെ പിടികൂടിയത്. ഭർത്താവിനെതിരെ ആത്മഹത്യാ പ്രേരണാ കുറ്റം ചുമത്തും. ഭർത്താവിന്റെ കുടുംബാംഗങ്ങൾക്ക് പങ്കുണ്ടോയെന്ന് അന്വേഷിച്ച ശേഷം നടപടി എടുക്കുന്ന കാര്യം തീരുമാനിക്കുമെന്ന് പൊലീസ് അറിയിച്ചു. അതിനിടെ നിയമ വിദ്യാർത്ഥിനിയുടെ ആത്മഹത്യയ്ക്ക് കാരണമായ പൊലീസ് വീഴ്ചയിൽ ആലുവ സി ഐയ്ക്കെതിരെ നടപടി എടുക്കുമെന്നാണ് അറിയുന്നത്. സി ഐയ്ക്ക് വീഴ്ച പറ്റിയോ എന്ന് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ഡിവൈ എസ് പി അന്വേഷണ റിപ്പോർട്ട് ഇന്ന് കൈമാറും. യുവതിയുടെ പരാതി ലഭിച്ച് ഒരാഴ്ച കഴിഞ്ഞിട്ടും പൊലീസ് നടപടി എടുക്കാത്തതാണ് യുവതി ആത്മഹത്യ ചെയ്യാൻ കാരണമെന്ന് ഇന്നലെ യുവതിയുടെ ബന്ധുക്കൾ ആരോപിച്ചിരുന്നു. സി ഐ യുവതിയോട് ദേഷ്യപ്പെട്ടതായും യുവതിയുടെ പിതാവിനോട് അപമര്യാദയായി പെരുമാറിയതായും ആരോപണമുയർന്നിരുന്നു.

അതിനിടെ ഗാർഹിക പീഡനത്തിന് മോഫിയ ഈ മാസം 17ന് വനിതാ കമ്മീഷനും പരാതി നൽകിയിരുന്നതായി വനിതാ കമ്മീഷൻ അധ്യക്ഷ പി സതീദേവി വെളിപ്പെടുത്തി. വിഷയത്തിൽ ഡിവൈ എസ് പിയോട് റിപ്പോർട്ട് തേടിയിരുന്നു. പൊലീസ് സ്റ്റേഷനിൽ വെച്ച് യുവതികൾക്ക് മോശം അനുഭവം ഉണ്ടായെന്ന പരാതിയെക്കുറിച്ച് വിശദമായി അന്വേഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വനിതാ കമ്മീഷൻ അധ്യക്ഷ പറഞ്ഞു.

സി ഐ ഇന്നും ഡ്യൂട്ടിയിൽ: കുത്തിയിരുന്ന് പ്രതിഷേധിച്ച് എം എൽ എ

കൊച്ചി: നിയമവിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ ആരോപണവിധേയനായ ഇൻസ്പെക്ടർക്കെതിരെ നടപടി ആവശ്യപ്പെട്ട് സ്ഥലം എം എൽ എ അൻവർ സാദത്ത് പൊലീസ് സ്റ്റേഷനിൽ കുത്തിയിരുന്നു പ്രതിഷേധിക്കുന്നു. സി ഐയെ ചുമതലകളിൽ നിന്ന് മാറ്റിനിർത്തിയെന്നും അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ആലുവ ഡിവൈഎസ്പിയെ ചുമതലപ്പെടുത്തിയെന്നും റൂറൽ ജില്ലാ പൊലീസ് മേധാവി ഇന്നലെ പറഞ്ഞിരുന്നു. എന്നാൽ ആരോപണ വിധേയനായ പൊലീസ് ഉദ്യോഗസ്ഥൻ ഇന്നും ഡ്യൂട്ടിക്കെത്തിയെന്നും കേസിൽ ഇടപെട്ടെന്നും ആരോപിച്ചാണ് എം എൽ എയുടെ നേതൃത്വത്തിൽ കോൺഗ്രസ് നേതാക്കൾ സ്റ്റേഷനിൽ കുത്തിയിരുന്ന് പ്രതിഷേധിക്കുന്നത്.

മകൻ മരിച്ച് പത്താംനാൾ പിതാവും മരിച്ചു

എം എം നാസർ, എം എം മൊയ്തീൻ കുഞ്ഞി

കാഞ്ഞങ്ങാട്: മകന്റെ ആകസ്മിക മരണം ഉണ്ടാക്കിയ വേദനയിൽ കഴിയുകയായിരുന്ന പിതാവ് ഹൃദയാഘാതം മൂലം മരിച്ചു. അജാനൂരിലെ പൗരപ്രമുഖൻ എം എം മൊയ്തീൻ കുഞ്ഞി (87) യാണ് കാസർകോട്ടെ ആശുപത്രിയിൽ മരിച്ചത്. മൊയ്തീൻ കുഞ്ഞിയുടെ മകനും സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തകനുമായ എം എം നാസർ ഈ മാസം 14ന് മരണപ്പെട്ടിരുന്നു. അതിനു ശേഷം വലിയ മാനസിക പ്രയാസത്തിലായിരുന്നു പിതാവെന്ന് പറയുന്നു. ഇന്നലെ രാത്രി പത്തുമണിയോടെ ഹൃദയാഘാതം അനുഭവപ്പെട്ട മൊയ്തീൻ കുഞ്ഞിയെ ഉടൻ കാഞ്ഞങ്ങാട്ടെ ആശുപത്രിയിൽ എത്തിച്ചു. നില ഗുരുതരമായതിനാൽ കാസർകോട്ടെ ആശുപത്രിയിലേയ്ക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. നാസറിന്റെ ആക്സമിക മരണം ഉണ്ടാക്കിയ നടുക്കവും വേദനയും മാറും മുമ്പെ പിതാവ് മരണപ്പെട്ടത് നാടിന്റെ നൊമ്പരമായി. ദീർഘകാലം അജാനൂർ റഹ്മാനിയ ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡന്റായിരുന്ന മൊയ്തീൻ കുഞ്ഞി ആദ്യകാല മത്സ്യവ്യാപാരിയാണ്. ഭാര്യ: ഫാത്തിമ. മക്കൾ: മുഹമ്മദ് കുഞ്ഞി, ഖാദർ (ഉമ്മുൽ ഖുലൈൻ), ശംസുദ്ദീൻ, ഹാരിസ് (ഇരുവരും അബുദാബി), റഹ്മത്ത് ബീവി, ഹസീന. ഖബറടക്കം അജാനൂർ കടപ്പുറം ജുമാഅത്ത് ഖബർ സ്ഥാനിൽ മകന്റെ ഖബറിനരികെ നടക്കും.